പേക്ഷണീയമാണെന്നു മുമ്പേ വെളിപ്പെടുത്തിയിരുന്നു. ആസിഡ് മഴ ആദ്യമായി കണ്ടുതുടങ്ങിയത് സ്കാൻഡിനേവ്യൻ രാഷ്ട്രങ്ങളിലാണ്. 1980–കളുടെ ആരംഭത്തിൽ പടിഞ്ഞാറെ ജർമനിയിലും സ്വിറ്റ്സർലൻഡിലും മരങ്ങൾ വൻതോതിൽ ഉണങ്ങിത്തുടങ്ങി. പിന്നീട് ഈ 'വനമൃത്യു' ഫ്രാൻസിലേക്കും ഇറ്റലിയിലേക്കും പടർന്നുപിടിച്ചു. വ്യവസായശാലകളും മോട്ടോർവാഹനങ്ങളും പുറംതള്ളുന്ന പുകയിലടങ്ങിയ വിഷവാതകങ്ങൾ മഴവെള്ളത്തിൽ കലർന്നു രൂപംകൊള്ളുന്ന സൾഫ്യൂറിക് ആസിഡും നൈട്രിക് ആസിഡുമാണ് മരങ്ങളെ കൊന്നൊടുക്കുന്നതെന്നും, ഈ ആസിഡുകൾ കലർന്ന മണ്ണിൽ തൈകൾ കിളുർക്കുകയില്ലെന്നും ഇപ്പോൾ എല്ലാവരും മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. മോട്ടോർ വാഹനങ്ങളിൽനിന്നു പുറത്തുപോകുന്ന പുകയിലെ വിഷവാതകങ്ങൾ അരിച്ചുനീക്കാനുള്ള സംവിധാനം 1989 മുതൽ കാറുകളിൽ ഘടിപ്പിക്കാൻ ജർമൻകാർ തീരുമാനിച്ചിരിക്കുന്നു. പക്ഷേ, ഇറ്റലി, ഡെൻമാർക്ക് മുതലായ ചില രാജ്യങ്ങളിലെ കാർ നിർമാതാക്കൾ ഇതിനു് ഇനിയും തയ്യാറായിട്ടില്ല. പ്ലാസ്റ്റിക് ബാഗുകൾ നിർമിക്കുന്നത്, 1980 മുതൽ ഇറ്റലി നിരോധിച്ചിട്ടുണ്ട്. മറ്റു രാജ്യങ്ങളിൽ ഇത്തരം നിരോധനമില്ല. പല രാജ്യങ്ങളും അണുവൈദ്യുതീകേന്ദ്രങ്ങൾ നിർമിക്കുന്നത് നിർത്തിവെച്ചിട്ടുണ്ടെങ്കിലും, നാല്പത്തിനാല് അണുവൈദ്യുതീകേന്ദ്രങ്ങൾ ഇപ്പോൾത്തന്നെ പ്രവർത്തിച്ചുവരുന്ന ഫ്രാൻസ് പതിനേഴ് എണ്ണം കൂടി പണിതുകൊണ്ടിരിക്കുകയാണ്. സാമ്പത്തികവൃദ്ധിക്ക് ചില അതിരുകളെല്ലാം ഉണ്ടെന്ന ബോധം പടിഞ്ഞാറേ യൂറോപ്പിലെ ചിന്തകർക്കിടയിൽ പരന്നു തുടങ്ങിയിട്ടുണ്ടെങ്കിലും, സോവിയറ്റ് യൂണിയനിലോ, അമേരിക്കയിലോ ആ ബോധം ഇനിയും ഔദ്യോഗികാംഗീകാരം നേടിയിട്ടില്ല.

ഭോപ്പാലിലെ വിഷവാതകച്ചോർച്ചയും ചെർണോബില്ലിലെ അണുവൈദ്യുതീനിലയ സ്ഫോടനവുംപോലെ, വ്യാപകമായ ജനശ്രദ്ധ ആകർഷിക്കേണ്ട ഒന്നാണ് ബാസൽ നഗരത്തിലെ സാൻഡോസ് അഗ്നിബാധ. വ്യവസായവൽക്കരണത്തിന്റെ പരിമിതികളെപ്പറ്റി ഈ ദുരന്തങ്ങൾ അസന്ദിഗ്ദ്ധമാംവിധം നമുക്കു താക്കീതു നൽകുന്നു. ഈ താക്കീതു നാം യഥാസമയം മനസ്സിലാക്കുന്നതു നന്ന്.

പ്രകൃതിയോട് ഇണങ്ങിമാത്രമേ മനുഷ്യനു ജീവിക്കാനാവൂ. മനുഷ്യൻ എതിർത്തു കീഴടക്കേണ്ട ഒരു ശത്രുവല്ല പ്രകൃതി. പ്രകൃതിയുടെ സ്നേഹവും സൗഹാർദവും നേടിയാൽ മാത്രമേ മനുഷ്യനു സന്തുഷ്ടിയും സുഖവും കൈവരുകയുള്ളു.

'പരസ്പരം ഭാവയന്തഃ
ശ്രേയഃ പരമവാപ്സ്യഥ'

എന്ന ഗീതാസന്ദേശംതന്നെയാണു പ്രകൃതിയുടെയും സന്ദേശം എന്നു മനുഷ്യവർഗം മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

(25 നവംബർ, 1986)

## 17. പച്ചകൾ

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2–ാം തീയതി എഴുതുന്ന ഈ ലേഖനം പടിഞ്ഞാറെ ജർമനിയിലെ 'പച്ചകൾ' (ദി ഗ്രൂണെൻ) എന്ന രാഷ്ട്രീയപ്പാർട്ടിയെപ്പറ്റി ആകുന്നതിൽ ഔചിത്യമില്ലായ്കയില്ല. എന്റെ അറിവിൽ പെട്ടിടത്തോളം, ഗാന്ധിജിയുടെ സമഗ്രജീവിത

ദർശനത്തിലെ പ്രമുഖ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുകയും, അവ നടപ്പിൽ വരുത്തുന്നതിനു് ആത്മാർത്ഥമായി യത്നിക്കുകയുംചെയ്യുന്ന ഏതെങ്കിലുമൊരു രാഷ്ട്രീയപ്പാർട്ടി, ഇന്ത്യ അടക്കമുള്ള ലോകരാഷ്ട്രങ്ങളിൽ ഇന്നുണ്ടെങ്കിൽ, അതു പച്ചകൾ ആകുന്നു.

നന്നെ ചെറിയ ഒരു പാർട്ടിയാണു് 1980–നടുത്തുമാത്രം സംഘടിത പ്രവർത്തനം ആരംഭിച്ച പച്ചകൾ. അഞ്ഞൂറോളം അംഗങ്ങളുള്ള ജർമനിയിലെ കേന്ദ്രപാർലമെൻറിൽ മുപ്പതിൽ താഴെ പച്ചകളേ ഉള്ളു. ജർമൻ റിപ്പബ്ലിക്കിൽ അംഗങ്ങളായ പത്തു സ്റ്റേററുകളിൽ അഞ്ചെണ്ണത്തിൻെറ നിയമസഭകളിലേക്കു മാത്രമേ അവർ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളു. ഇവയിൽത്തന്നെ, വോട്ടെടുപ്പിൽ ഒരു സ്വാധീനവും ചെലുത്താനാകാത്ത വിധം പരിമിതമാണു പച്ചകളുടെ സാന്നിദ്ധ്യം.

എന്നാലും, ജർമൻകാരുടെ, പടിഞ്ഞാറേ യൂറോപ്പുകാരുടെ ആകെത്തന്നെ, ചിന്താമണ്ഡലത്തിൽ ഗണനീയമായ സ്വാധീനം പച്ചകൾ ഇപ്പോൾത്തന്നെ ചെലുത്തിവരുന്നുണ്ടു്. ചെറുപ്പക്കാരുടെ രാഷ്ട്രീയാഭിപ്രായങ്ങൾ രൂപവല്ക്കരിക്കുന്നതിൽ ഈ സ്വാധീനം നിർണായകംതന്നെ ആയിവരുന്നുണ്ടു് എന്നും പറയാം. അടിസ്ഥാനജനാധിപത്യം (ഗ്രാസ്റൂട്ട് ഡെമോക്രസി) ആണു പച്ചകളുടെ പ്രമുഖ രാഷ്ട്രീയ ലക്ഷ്യം. അടിയന്തരാവശ്യമായി അവർ കണക്കാക്കുന്നതു പരിസ്ഥിതി സംരക്ഷണത്തെയാണു്. യുദ്ധത്തിനുവേണ്ടി മാത്രമല്ല, സമാധാനപരമായ ആവശ്യങ്ങൾക്കുവേണ്ടിയും അണുശക്തി ഉപയോഗിക്കുന്നതു മനുഷ്യവർഗത്തെ വിനാശത്തിലേക്കേ നയിക്കുകയുള്ളു എന്നു പച്ചകൾ വിശ്വസിക്കുന്നു. അണുവൈദ്യുതീനിർമാണം പൂർണമായും ഉപേക്ഷിക്കണമെന്ന അവരുടെ ആവശ്യത്തിലേക്കു് ജർമൻരാഷ്ട്രം, മെല്ലെയെങ്കിലും നിശ്ചിതമായി, അടുത്തുകൊണ്ടിരിക്കുകയാണു് എന്നു തോന്നുന്നു. ജർമൻ ഫെഡറൽ റിപ്പബ്ലിക്കിനെ സംബന്ധിച്ചിടത്തോളം തങ്ങളുടെ നയം എന്തായിരിക്കുമെന്നു പ്രഖ്യാപിക്കുന്ന പച്ചകളുടെ പ്രസിദ്ധീകരണം ആരംഭിക്കുന്നതു് ഇങ്ങനെയാണു്:

'പാരമ്പര്യ രാഷ്ട്രീയപ്പാർട്ടികൾക്കുള്ള വികല്പം (ആൾട്ടർനേററീവ്) ആണു ഞങ്ങൾ. പുതിയ ജനാധിപത്യപ്രസ്ഥാനത്തിൽ സക്രിയമായി പ്രവർത്തിക്കുന്ന എല്ലാ ഗ്രൂപ്പുകളോടും ഞങ്ങൾ ഐക്യഭാവന പുലത്തുന്നു. ജീവനും പ്രകൃതിക്കും വേണ്ടി വാദിക്കുന്നവർ, പരിസ്ഥിതി സംരക്ഷണത്തിൽ താല്പര്യമുള്ളവർ, പൗരമുൻകൈ–സംഘടനകൾ. സമാധാനത്തിനും മനുഷ്യാവകാശങ്ങൾക്കും സ്ത്രീസമത്വത്തിനും മൂന്നാം ലോകത്തിനും (കമ്യൂണിസ–മുതലാളിത്ത–ഇതര രാഷ്ട്രങ്ങൾക്കു) വേണ്ടി നിലകൊള്ളുന്നവർ—ഇവരുടെയെല്ലാം കൂടെയാണു ഞങ്ങൾ. ലോകത്തിലെങ്ങും ഉയർന്നുവരുന്ന 'പച്ചപ്രസ്ഥാന'ത്തിൻെറ (ഗ്രീൻ മൂവ്മെൻറ്) ഒരു ഭാഗമാണു ഞങ്ങൾ.

'വളരെ ഇടുങ്ങിയ അതിരുകളുള്ള ഭൂമിയെന്ന ഈ ഗ്രഹത്തിൽ അതിരില്ലാത്തവിധം വ്യാവസായികോല്പാദനം വർദ്ധിപ്പിച്ചുകൊണ്ടു പോവാമെന്നാണു് പശ്ചിമ ജർമനിയിലെ പ്രതിഷ്ഠിതങ്ങളായ രാഷ്ട്രീയപ്പാർട്ടികൾ കരുതുന്നതു്. ഒരു അണുയുദ്ധം, അതല്ലെങ്കിൽ അണുശക്തിമേധാവിത്വമുള്ള ഒരു രാഷ്ട്രം—ഹിറോഷിമ, അല്ലെങ്കിൽ ഹാരിസ്ബർഗ്—ഇതിലേതെങ്കിലുമൊന്നു തിരഞ്ഞെടുക്കാൻ തീരുമാനിക്കണമെന്നാണു് ഈ പാർട്ടികൾ, അവയുടെതന്നെ പ്രഖ്യാപനങ്ങൾ വ്യക്തമാക്കുംവിധം നമ്മെ നിർബന്ധിക്കുന്നതു്. എന്നാൽ, 'സാർവലൗകിക–പരിസ്ഥിതി പ്രതിസന്ധി നാൾക്കുനാൾ വഷളായിക്കൊണ്ടുവരികയാണു്. പ്രകൃതിവിഭവങ്ങൾ അനുദിനം അധികാധികം ദുർലഭങ്ങളായിത്തീരുന്നു. രാസക്കുപ്പക്കൂനകളെപ്പററി പുതിയപുതിയ ആക്ഷേപങ്ങൾ ഉയർന്നുകൊണ്ടി

രിക്കുന്നു. പല ജീവിവർഗങ്ങളും എന്നെന്നേക്കുമായി കൊന്നൊടുക്കപ്പെടുന്നു. സസ്യവർഗങ്ങൾ അങ്ങനെതന്നെ അപ്രത്യക്ഷങ്ങളാകുന്നു. പുഴകളും കടലുകളും ഓടച്ചാലുകളായി മാറിത്തീർന്നിരിക്കുന്നു. പക്വതയാർജിച്ച വ്യാവസായിക–ഉപഭോഗസമൂഹത്തിന്റെ മധ്യത്തിൽ മനുഷ്യർ ആത്മീയവും ബുദ്ധിപരവുമായ ജീർണിപ്പിന്റെ വക്കിലെത്തിനില്ക്കുന്നു. നിരാശാജനകമാണു വരുംതലമുറകൾക്കായി നാം സമ്പാദിച്ചുവെക്കുന്ന പൈതൃകം.

'ജീവനും തൊഴിലും ഏതിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നുവോ, ആ അടിസ്ഥാനം നശിപ്പിക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യാവകാശങ്ങൾ തകർന്നടിഞ്ഞിരിക്കുന്നു. ഈ ഭീഷണമായ പശ്ചാത്തലം, സമ്പദ്‌വ്യവസ്ഥയിലും രാഷ്ട്രീയത്തിലും സമൂഹത്തിലും മൗലികമായ ഒരു വികല്പത്തെ ആവശ്യമാക്കിയിരിക്കുന്നു. മേല്പറഞ്ഞ ആവശ്യത്തിൽനിന്നു പൗരന്മാരുടേതായ ഒരു ജനാധിപത്യപ്രസ്ഥാനം ഉടലെടുത്തു. ആയിരക്കണക്കിനു പൗരമുൻകൈ–സംഘങ്ങൾ (സിററിസെൻ ഇനീഷ്യേററീവ് ഗ്രൂപ്പ്) രൂപവല്ക്കരിക്കപ്പെട്ടു. അണുവൈദ്യുതീകേന്ദ്രങ്ങളുടെ നിർമാണത്തിനെതിരെ വലിയ പ്രകടനങ്ങൾ നടന്നു. അണുവൈദ്യുതീകേന്ദ്രങ്ങളിൽ ആപത്തു പര്യാപ്തമാംവിധം ഒഴിവാക്കാൻ കഴിയുകയില്ലെന്നും അണുമാലിന്യങ്ങൾ ഭദ്രമായി ഒരിടത്തും സൂക്ഷിക്കാനാവില്ലെന്നും ഈ പൗരന്മാർ വിശ്വസിച്ചു. പ്രകൃതിവിധ്വംസനത്തിനെതിരായും, ഉൾനാടുകളിൽ നെടുകെ ടാർ (ആസ്ഫാൾട്ട്) വിരിക്കുന്നതിനെതിരായും, ജീവനുതന്നെ ആപത്തു സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തിന്റെ 'വലിച്ചെറിയൽ' (ത്രോ എവേ) സ്വഭാവത്തിന്റെ കാരണങ്ങൾക്കും ഫലങ്ങൾക്കും എതിരായും അവർ ഉണർന്നെണീററു.

'നമ്മുടെ ഇപ്പോഴത്തെ ആസൂത്രണം ഹ്രസ്വദൃഷ്ടിയോടെയാണ്. ഈ ആസൂത്രണത്തെ പൂർണമായും പൊളിച്ചുപണിയണം. മനുഷ്യർക്കു സുഖവും ജീവിതലക്ഷ്യങ്ങളുടെ നിർവഹണവും നമ്മുടെ ഇന്നത്തെ ധാരാളിത്ത–സമ്പദ്‌വ്യവസ്ഥയിലൂടെ നേടാമെന്ന വിശ്വാസം അബദ്ധമാണെന്നു ഞങ്ങൾ കരുതുന്നു. സംഭവിക്കുന്നതു നേരേ വിപരീതമാണ്. (സമ്പത്ത് ഏറുന്നതോടെ) ജനങ്ങൾ കൂടുതൽ ആധിഗ്രസ്തരാവുന്നു; അവരുടെ സ്വാതന്ത്ര്യം കുറയുന്നു. ജീവിതത്തിന്റെ ഭൗതിക വിഭവ–നിലവാരത്തിലുള്ള അമിതമായ ആശ്രയത്തിൽനിന്നു നമ്മളെ നാം വിമോചിപ്പിക്കുകയും, വ്യക്തികൾക്ക് ആത്മസാക്ഷാത്കരണം വീണ്ടും സാധ്യമാക്കുകയും, നമ്മുടെ സ്വന്തം ആന്തരപ്രകൃതിയുടെ പരിമിതികൾ മനസ്സിലാക്കുകയുംചെയ്യുന്ന തോതിനു മാത്രമേ, പരിസ്ഥിതീയമായ അടിസ്ഥാനത്തിൽ ജീവിതത്തെ പുതുതായി രൂപവൽക്കരിക്കാൻ നമ്മുടെ നിർമ്മാണാത്മകശക്തികൾക്കു സാധ്യമാവുകയുള്ളു.

'ഉല്പാദനം പിന്നെയും പിന്നെയും വർധിപ്പിച്ചുകൊണ്ടുപോവുക എന്ന, അന്ധവും ഏകമാനവും (വൺ–ഡൈമെൻഷണൽ) ആയ നയത്തിനെതിരായ വീക്ഷണത്തെ ഞങ്ങൾ പ്രതിനിധാനംചെയ്യുന്നു. ഭാവിയെ സംബന്ധിച്ച ദീർഘവീക്ഷണമാണു ഞങ്ങളുടെ നയത്തിനു മാർഗദർശനം നൽകുന്നത്. പരിസ്ഥിതി, സമൂഹക്ഷേമതാല്പര്യം, അടിസ്ഥാനജനാധിപത്യം, അഹിംസ എന്ന നാല് ആധാരതത്ത്വങ്ങളിൽ ഈ നയം അടിയുറച്ചുനില്ക്കുന്നു.'

അഹിംസയെപ്പററി പച്ചകളുടെ നയരേഖ എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക:

'അക്രമനിർമുക്തമായ ഒരു സമൂഹത്തിനുവേണ്ടി ഞങ്ങൾ നിലകൊള്ളുന്നു. ഈ സമൂഹത്തിൽ ഒരു ജനവിഭാഗത്തിനെതിരെ മറെറാരു ജനവിഭാഗം പ്രയോഗിക്കുന്ന മർദനവും അക്രമവും അവസാനിപ്പിക്കപ്പെടും.

**മനുഷ്യോചിതമല്ലാത്ത** മാർഗങ്ങളിലൂടെ മനുഷ്യോചിതലക്ഷ്യങ്ങരം **നേടാൻ** സാധ്യമല്ല എന്നതാണ ഞങ്ങരം വിശ്വസിക്കുന്ന ഏററവും **ഉയർന്ന** തത്ത്വം. അതിർത്തിയില്ലാതെയും ഒഴിച്ചുനിർത്തൽ ഇല്ലാതെയും എല്ലാ ജനവിഭാഗങ്ങരംക്കും ബാധകമാവണം അഹിംസ. വ്യത്യസ്ത ദേശീയ വിഭാഗങ്ങരംക്കും ജനവർഗങ്ങരംക്കുമെന്നപോലെ, രാഷ്ട്രത്തിനു് ആകെത്തന്നെ ബാധകമാവണം അതു്.

'ആത്മരക്ഷയ്ക്കുള്ള അടിസ്ഥാനാവകാശത്തെ അഹിംസാതത്ത്വം പരിമിതപ്പെടുത്തുന്നില്ല. പല രൂപത്തിലുമുള്ള സാമൂഹ്യമായ ചെറുത്തുനില്പു്' അഹിംസയിൽ അന്തർഭവിക്കുന്നു. കൂട്ടായി' നടത്തുമ്പോഴേ സാമൂഹ്യമായ ചെറുത്തുനില്പിനു ദീർഘകാലഫലം ഉണ്ടാവുകയുള്ള എന്നു് അണു—ആയുധവിരുദ്ധ പ്രസ്ഥാനങ്ങരം തെളിയിച്ചിട്ടുണ്ടു്. രാഷ്ട്രങ്ങരം പരസ്പരം ബലംപ്രയോഗിക്കുന്നതിനും യുദ്ധത്തിനും തികച്ചും എതിരാണ ഞങ്ങരം. അതിനാൽ അന്താരാഷ്ട്രീയ തലത്തിൽ സമാധാനം നിലനിർത്തുന്നതിൽ ഞങ്ങരംക്കു പരമമായ താല്പര്യമുണ്ടു്. ഇതിനർത്ഥം ഒരു രാഷ്ട്രം മറെറാരു രാഷ്ട്രത്തെ സൈനികമായി കീഴിൽവയ്ക്കുന്നതിനും ന്യൂനപക്ഷങ്ങളെ അടിച്ചമർത്തുന്നതിനും ഞങ്ങരം എതിരാണെന്നത്രേ.... ലോകവ്യാപകമായ ആവശ്യമാണു് നിരായുധീകരണം. അണു—ആയുധങ്ങരം, ജൈവ—രാസ ആയുധങ്ങരം എന്നിവ ഭൂമുഖത്തുനിന്നു തുടച്ചുനീക്കണം. വിദേശങ്ങളിൽനിന്നു് അധിനിവേശസൈന്യങ്ങരം പിന്മാറണം.

'സക്രിയമായ സാമൂഹ്യ എതിർപ്പിനെ അഹിംസ ഒഴിവാക്കുന്നില്ല. നിഷ്ക്രിയതയ്ക്കു് ഒരു ഒഴികഴിവുമല്ല അഹിംസ. ജനങ്ങരംക്കു വിധേയമല്ലാത്ത മർദകഭരണത്തിനെതിരെ, ചില സന്ദർഭങ്ങളിൽ സ്വന്തം രാജ്യത്തിലെ നിയമങ്ങരംക്കു് എതിരായിത്തന്നെ, ധർണകരം, മാർഗ്ഗതടസ്സമുണ്ടാക്കൽ മുതലായ മാർഗങ്ങളെ ജനങ്ങരം അവലംബിക്കുന്നതു് അനുവദനീയം മാത്രമല്ല ആവശ്യംതന്നെ ആയിത്തീർന്നേക്കാം.'

സമ്പദ്‌വ്യവസ്ഥയും, തൊഴിലും, വിദേശനയം, പരിസ്ഥിതി വ്യക്തിയും സമൂഹവും എന്നീ തലക്കെട്ടുകളിൽ, സമകാല ജീവിതത്തിലെ മിക്ക പ്രശ്നങ്ങളെപ്പററിയും, നിലവിലുള്ളതിൽനിന്നു് വ്യത്യസ്തമായ രീതിയിൽ പച്ചകളുടെ നയരേഖ വിചിന്തനംചെയ്യുന്നുണ്ടു്. തൽക്കാലത്തേക്കു ഗുണകരമെന്നു തോന്നാമെങ്കിലും ദീർഘവീക്ഷണത്തിൽ വിധ്വംസകരമായ സാമ്പത്തികവൃദ്ധിയാണു് പ്രതിഷ്ഠിത—പാർട്ടികളുടെയെല്ലാം ലക്ഷ്യമെന്നും, ഇതിൻഫലമായി അങ്ങേയററത്തെ സാമ്പത്തിക കേന്ദ്രീകരണവും, തൊഴിൽനാശവും സംഭവിക്കുന്നുവെന്നും, ചെറിയ ഉല്പാദന—വാണിജ്യസ്ഥാപനങ്ങരം തകർന്നുപോകുന്നുവെന്നും ഈ രേഖ ചൂണ്ടിക്കാട്ടുന്നു. 'വലുതാവുംതോറും സൗന്ദര്യം ഏറുന്നു' എന്നതാണ നിലവിലുള്ള മുതലാളിത്ത—കമ്യൂണിസവ്യവസ്ഥകളുടെ വിചാരം. മറിച്ചു് 'ചെറുതു് സുന്ദരം' എന്നു പച്ചകരം വിശ്വസിക്കുന്നു.

വെള്ളം, വായു, ശബ്ദം, മൃഗ—സസ്യജീവിതം, വന്യമൃഗങ്ങരം— അങ്ങനെ ഒരു രാഷ്ട്രീയകക്ഷിയുടെയും നയരേഖയിൽ ഇന്നോളം സ്ഥലംപിടിക്കാത്ത പല വിഷയങ്ങളും പച്ചകളുടെ നയരേഖയിൽ ചർച്ചചെയ്യപ്പെടുന്നുണ്ടു്. സ്ത്രീകരം, കുട്ടികരം, വൃദ്ധർ, വിദേശീയർ, വികലാംഗർ, ബുദ്ധിക്കു സ്ഥിരമില്ലാത്തവർ—എല്ലാത്തരം ദുർബല വിഭാഗങ്ങളുടെയും ക്ഷേമം അതിൽ ചിന്താവിഷയമാകുന്നു.

അമേരിക്കയെ ഒഴിവാക്കിയാൽ, ലോകത്തിൽ ഏററവുമധികം വ്യാവസായികോല്പാദനം നടത്തുന്നതും, ഏററവുമധികം സാധനങ്ങരം കയററി അയയ്ക്കുന്നതുമായ രാഷ്ട്രമാണല്ലൊ പടിഞ്ഞാറേ ജർമ്മനി. അതിസമ്പന്നമായ ഒരു സമൂഹം, അത്യുല്പാദകമായ വ്യവസായം, അമിത—ഉപ

ഭോഗത്തിലും അമിതവ്യയത്തിലും അധിഷ്ഠിതമായ ജീവിതരീതി—ഇതിൽനിന്നെല്ലാം മനുഷ്യസ്വഭാവത്തിലും പ്രകൃതിയിലും സംഭവിക്കുന്ന വിരൂപണങ്ങൾ ആണ് ആ നാട്ടിലെ ഇന്നത്തെ മുഖ്യപ്രശ്നങ്ങൾ. അമേരിക്കൻചേരിയെ പിൻതാങ്ങി നിലകൊള്ളുന്ന പടിഞ്ഞാറൻ ജർമനിയിലെ മുതലാളിത്ത—ജനാധിപത്യം ഈ പ്രശ്നങ്ങളെ പരിഹരിക്കുകയല്ല, നേരേമറിച്ച്, രൂക്ഷതരങ്ങളാക്കുകയാണുചെയ്യുന്നത് എന്നു പച്ചകൾ കരുതുന്നു. മഹാത്മാഗാന്ധിയുടെ പേരു പറയുന്നില്ലെങ്കിൽക്കൂടി, മുൻപറഞ്ഞ പ്രശ്നങ്ങൾക്ക് ഗാന്ധിജി നിർദേശിച്ചിട്ടുള്ള പരിഹാരങ്ങളാണ്, പ്രാദേശികമായി ആവശ്യമായ മാററങ്ങളോടെ, പച്ചകൾ തങ്ങളുടെ പരിപാടിയിൽ വിവരിക്കുന്നത്. അഹിംസയ്ക്ക് അവർ നൽകുന്ന വിശദീകരണം തികച്ചും ഗാന്ധിജിയുടേതുതന്നെ. അമിത—ഉപഭോഗത്തിനെതിരെ ആത്മനിയന്ത്രണം കൈക്കൊള്ളുന്നതിനുള്ള അവരുടെ ആഹ്വാനത്തിലും ഗാന്ധിജിയുടെ ശബ്ദം നാം സ്പഷ്ടമായി കേൾക്കുന്നു. ചീത്തമാർഗത്തിലൂടെ നല്ല ലക്ഷ്യം നേടുക അസാധ്യമെന്ന അവരുടെ വിശ്വാസത്തിന്റെ പ്രഭവവും ഗാന്ധിജിയാകുന്നു.

സർക്കാരിന്റേയും, സർക്കാർ നിലവിൽ വരുത്തിയിട്ടുള്ള കൂററൻ സ്ഥാപനങ്ങളുടേയും ചൂഷണത്തിനും, മർദനത്തിനും, അഴിമതികൾക്കും, താല്പര്യരാഹിത്യത്തിനും എതിരെ സമരം ചെയ്യുന്ന പൗരന്മാരുടെ ചെറിയ ഗ്രൂപ്പുകൾ ഇന്ത്യയിൽ ഒട്ടുവളരെയുണ്ട്. രാഷ്ട്രീയപ്പാർട്ടികൾ ഇന്ത്യയിൽ പൊതുവേ പരാജയപ്പെട്ടിരിക്കുകയാണെന്നും, എന്തെല്ലാം ആദർശം പ്രസംഗിച്ചാലും അവയെല്ലാം ഒന്നുപോലെ ചൂഷണത്തിനുവേണ്ടി നിലകൊള്ളുന്നവയാണെന്നും വിശ്വസിക്കുന്നവർ കുറവല്ല. ഈ ഗ്രൂപ്പുകൾക്കും വ്യക്തികൾക്കും എന്തുകൊണ്ട് സംഘടിച്ചുകൂടാ? വ്യത്യസ്തമായ ഒരു പ്രവർത്തനവികല്പം ജനങ്ങളുടെ മുമ്പിൽ സമർപ്പിക്കാനല്ലെങ്കിൽ അടിസ്ഥാനപ്രശ്നങ്ങളിൽ ജനശ്രദ്ധ കേന്ദ്രീകരിക്കാനെങ്കിലും ഇത്തരമൊരു സംഘടനയ്ക്കു കഴിഞ്ഞേക്കും. എന്നാൽത്തന്നെ വലിയ കാര്യമല്ലേ?

കതിരവനുടെ ചെറുകിരണവും കാമ്യമല്ലീ
അതിമാത്രമിരുൾ തിങ്ങുമന്ധകൂപത്തിൽ?

(2 ഒക്ടോബർ, 1986)

## 18. ഭക്ഷ്യസമൃദ്ധിയുടെ ഒരു ചിത്രം

വ്യവസായവിപ്ലവം ആദ്യം നടപ്പിലായത് യൂറോപ്പിലാണ്. ഇപ്പോഴും യൂറോപ്പിലെ ജനങ്ങളിൽ വളരെ വലിയ ഒരു ശതമാനം വ്യവസായങ്ങളിലേർപ്പെട്ടു നിത്യവൃത്തി നേടുന്നു. കൃഷിയിലും, അതോടുചേർന്ന മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയിലും ഏർപ്പെട്ടിട്ടുള്ളവർ താരതമ്യേന ചെറിയ ഒരു ശതമാനം മാത്രമാകുന്നു.

എന്നിട്ടെന്ത്? കാർഷികസമ്പന്നതയുടെ കൊടുമുടിയിലെത്തിനില്ക്കുകയാണ് യൂറോപ്പ്. ആവശ്യമുള്ളതിൽ എത്രയോ ഇരട്ടി ഭക്ഷ്യവസ്തുക്കളും പാനീയങ്ങളും അവിടെ ആണ്ടുതോറും ഉല്പാദിപ്പിക്കപ്പെടുന്നു. നാട്ടിലെ ഉപയോഗവും മറുനാടുകളിലേക്കു കയററിയയപ്പും കഴിഞ്ഞു മിച്ചം വരുന്ന ഭക്ഷ്യ—പാനീയങ്ങൾ വാങ്ങി സൂക്ഷിക്കാൻ കഴിയാതെ സർക്കാരുകൾ ബുദ്ധിമുട്ടുന്നു. ഈ സാധനങ്ങൾ സർക്കാർ വാങ്ങാതിരുന്നാൽ കൃഷിക്കാർ തകർന്നുപോകുമല്ലോ. അതിനാൽ സ്വന്തം മുതലെടുപ്പിൽ വലി